# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം : *651

12-07-2012-ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുവാൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുവാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കെ.എസ്.ഇ.ബി യുടെ ഔദ്യോഗിക വെബ്സൈറ്റായ www.kseb.in മുഖേന വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ചും പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിങ്ങിലൂടെയും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 06.07.2011 മുതൽ നിലവിലുണ്ട്. കെ.എസ്.ഇ.ബി യ്ക്കു വേണ്ടി ഐ.ഡി.ബി.ഐ ബാങ്കാണ് പേയ്മെൻറ് ഗേറ്റ്‌വേ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. |
| (ബി) ഏത് വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) തുടക്കമെന്ന നിലയിൽ കേരളത്തിലാകമാനമുള്ള എച്ച്.റ്റി./ഇ.എച്ച്.റ്റി ഉപഭോക്താക്കൾക്കാണ് ഈ സൗകര്യം നൽകിയിട്ടുള്ളത്.<br>ഇതോടൊപ്പം പ്രസ്തുത വിഭാഗം ഉപഭോക്താക്കൾക്ക് അവരുടെ ഉപഭോഗം വിശദമായി മനസ്സിലാക്കുന്നതിനും, കാലാ കാലങ്ങളിൽ അടച്ചിട്ടുള്ള വൈദ്യുതി ബിൽ തുക, വൈദ്യുതി കണക്ഷൻ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ എന്നിവ ഇൻറർനെറ്റിലൂടെ അറിയുന്നതിനുമുള്ള സൗകര്യവും ലഭ്യമാക്കി യിട്ടുണ്ട്. കൂടാതെ വൈദ്യുതി ബിൽ തുക, അടയ്ക്കേണ്ട തീയതി |

വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ എസ്.എം.എസ് വഴി അറിയിക്കുന്നതിനുള്ള സംവിധാനവും ഇതിൻെറ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത സംവിധാനത്തിൻ കീഴിൽ മുഴുവൻ ഉപഭോക്താക്കളെയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) കെ.എസ്.ഇ.ബി യുടെ കീഴിൽ വരുന്ന മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ വൈദ്യുതി ബോർഡ് എടുത്ത് വരികയാണ്. ഇതിൻെറ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം ഇലക്ട്രിക്കൽ ഡിവിഷൻെറ പരിധിയിൽ വരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ 09.02.2012 മുതൽ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത ആർ.എ.പി. ഡി.ആർ.പി (RAPDRP) വിവരസാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതോടു കൂടി മുഴുവൻ ഉപഭോക്താക്കളെയും പ്രസ്തുത സംവിധാനത്തിൻ കീഴിൽ ഉൾപ്പെടുത്താൻ കഴിയും. |

സെക്ഷൻ ഓഫീസർ.